മി. ചെയർമാൻ : ഇത് വെറുതെ രണ്ട് വാക്ക് പറയൽ മാത്രമേ ഇന്നുള്ളു. അതിനാണ് ഞാൻ സമയം തന്നത്. ഇനിയും 22 ബില്ലുകൾ ഉണ്ട്. 22 ബില്ലുകൾ കഴിഞ്ഞതിനു ശേഷമേ തുടർ ചർച്ചയ്ക്ക് എടുക്കാൻ പറ്റു.

ശ്രി. ടി. എം. ജേക്കബ് : ഞാൻ രണ്ട് വാചകം കൂടി പറഞ്ഞിട്ട് അവസാനിപ്പിക്കാം. ഒന്നാമത്തെ വാചകം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കാനുള്ളത്.....

മി. ചെയർമാൻ : പ്ലീസ്, അങ്ങയുടെ തന്നെ വേറെ ബില്ലുണ്ട്.

ശ്രി. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മുഖ്യമന്ത്രിയുടെ ഔദാര്യം എനിക്ക് വേണ്ട. നിങ്ങളുടെ സമീപനം ഇതാണ്. പ്രസംഗിച്ചിട്ട് കാര്യമില്ല. ഞാൻ നിയമസഭയുടെ ചട്ടം അനുവദിക്കുന്നത് അനുസരിച്ച് ഇവിടെ ഒരു ബിൽ അവതരിപ്പിക്കുകയാണ്. മുഖ്യമന്ത്രിക്ക് ഇഷ്ടമുള്ളത് ഞാൻ പറഞ്ഞു കൊള്ളണമെന്ന് മുഖ്യമന്ത്രിക്ക് എന്നെ നിർബന്ധിക്കാൻ സാദ്ധ്യമല്ല. നിങ്ങൾക്ക് ഇഷ്ടം ഉള്ളത് പറയാൻ അല്ലല്ലോ ഞാൻ ഇവിടെ നിൽക്കുന്നത്. മുഖ്യമന്ത്രിക്ക് ഒന്നും ഇഷ്ടമല്ലല്ലോ. അഴിമതി നടത്തുന്ന ആളുകളെ ആണല്ലോ മുഖ്യമന്ത്രിക്ക് ഇഷ്ടം. മുഖ്യമന്ത്രിക്ക് അഴിമതി നടത്തുന്നതും അഴിമതി നടത്തുന്നവരെ സംരക്ഷിക്കുന്നതും ആണല്ലോ ഇഷ്ടം. എന്നെ കുറ്റം പറഞ്ഞിട്ടെന്താകാര്യം ? അതാണ് മുഖ്യമന്ത്രിക്ക് ഇഷ്ടമെങ്കിൽ അങ്ങനെ പോവുക. പക്ഷേ അതിന് എതിരായിട്ടുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ പറയുന്നത്, ലോകായുക്ത നിയമം നമ്മൾ ഇവിടെ കൊണ്ടു വന്നത് തന്നെ അതിനു വേണ്ടിയാണ്. അതുകൊണ്ട് മുഖ്യമന്ത്രിയുടെ ഈ സമീപനം തന്നെ ശരിയല്ല എന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

(ചർച്ച തുടരും)

4. 2000-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(ശ്രീ. ടി. എം. ജേക്കബ് നോട്ടീസ് നൽകിയത്)

ശ്രി. ടി. എം. ജേക്കബ് : സർ, ഞാൻ 2000-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ഓംബുഡ്സ്മാൻ രൂപീകരിച്ചിട്ട് ഏതാനും മാസങ്ങൾ മാത്രമേ ആയിട്ടുള്ളു. അതിന്റെ പ്രവർത്തനങ്ങൾ സമഗ്രമായി വിലയിരുത്താനുള്ള സമയം ആയിട്ടില്ല. അങ്ങനെ വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായിട്ടുള്ള മാറ്റം ഘടനയിൽ വേണോ എന്നുള്ളത് ഇപ്പോൾ ആലോചിക്കേണ്ട സമയം ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്, ഇപ്പോൾ ഓംബുഡ്സ്മാന്റെ എണ്ണം 7 ആണ്. 7 ൽ നിന്ന് 3 ആയിട്ട് കുറയ്ക്കണം എന്നാണ് ഞാൻ ഈ ബില്ലിൽ ആവശ്യപ്പെട്ടിരിക്കുന്നത്. എന്താണെങ്കിലും മന്ത്രി പറഞ്ഞ ഒരു മറുപടിയിൽ സംതൃപ്തിയുണ്ട് കാരണം, പ്രവർത്തനം തുടങ്ങി അധികമായിട്ടില്ല, അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ച് ഇപ്പോൾ ഒരു തീരുമാനത്തിലെത്താൻ നിവൃത്തിയില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. അത്രയെങ്കിലും ഒരു നല്ല സമീപനം സ്വീകരിച്ചല്ലോ. ഒന്ന്, ഓംബുഡ്സ്മാൻ എന്ന് പറഞ്ഞ് മറ്റ് രാജ്യങ്ങളിൽ നിയമിച്ചിരിക്കുന്ന ആളുകളെ സംബന്ധിച്ചും ഇവിടെ നിയമിച്ചിരിക്കുന്ന, നമ്മൾ നിയമനത്തിന് വേണ്ടി സ്വീകരിച്ചിരിക്കുന്ന രീതിയെ സംബന്ധിച്ചും വ്യത്യസ്തമായിട്ടുള്ള സമീപനം ഉണ്ട്. ഇത്രയും വലിയ ഒരു സംവിധാനം നമുക്ക് ആവശ്യമില്ല. ഇവർക്ക് ഹൈക്കോടതി ജഡ്ജിയുടെ പദവി, അവരുടെ ശമ്പളം അവരുടെ സൗകര്യങ്ങൾ ഇതെല്ലാം കൊടുത്തു കൊണ്ടിരിക്കുകയാണ്. കേരളം പോലെ സാമ്പത്തിക പരാധീനത അനുഭവിക്കുന്ന ഒരു സംസ്ഥാനത്ത് ഒരു കോടിയിലേറെ രൂപ.....(ഇപ്പോൾ അങ്ങയുടെ തന്നെ മറുപടിയായിട്ട് വന്നിട്ടുണ്ട്) ഒരു കോടിയിലേറെ രൂപ ഓംബുഡ്സ്മാൻ എന്ന് പറയുന്ന ഏഴ് പേർക്ക് വേണ്ടി ഈ ചെറിയൊരു കാലയളവിനുള്ളിൽ നമുക്ക് ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. അപ്പോൾ സ്വാഭാവികമായിട്ട് വരുംവർഷങ്ങളിൽ പണത്തിന്റെ ചെലവ് കൂടുവാനാണ് സാദ്ധ്യത. ഈ പഞ്ചായത്ത് രാജ് നിയമത്തിൽ ഇതിന്റെ പരിധിക്കുള്ളിൽ വരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ബാഹുല്യം ഉണ്ടെന്നാണ് മന്ത്രി മൂലനിയമം അവതരിപ്പിച്ച അവസരത്തിൽ സൂചിപ്പിച്ചത്. പക്ഷേ അതിന്റെ മറ്റ് വശങ്ങൾ നോക്കുമ്പോൾ, ലോകായുക്ത നിയമം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. ലോകായുക്തയിൽ തന്നെ മൂന്ന് പേരുണ്ട്. ഒരു ലോകായുക്തയും രണ്ട് ഉപലോകായുക്തയും. അതും ഏകദേശം ഇതിനോട് സമാനമായിട്ടുള്ള സംവിധാനം തന്നെയാണ്. അപ്പോൾ ഇതിൽ വരുന്ന ആളുകളും അതിൽ വരുന്ന ആളുകളും ഒക്കെ കൂടി നോക്കുമ്പോൾ ഏഴും മൂന്നും പത്ത് പേർ ഈ സംവിധാനത്തിൽ തന്നെ നിൽക്കുന്നു. അതിന്റെ അപ്പുറത്തേക്കാണ് വിജിലൻസിന്റെ വേറൊരു സംവിധാനം, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ. ഇപ്പോൾ കുറേകൂടി സ്ട്രെംഗ്തെൻ ചെയ്ത് അധികാരങ്ങൾ കൊടുത്ത് അതും വിപുലീകരിച്ചിട്ടുണ്ട്. അപ്പോൾ ഇതെല്ലാം അഴിമതി അന്വേഷണവും അഴിമതി വിചാരണയും നടത്താൻ വേണ്ടിട്ടുള്ള സംവിധാനങ്ങളുടെ ഭാഗമായിട്ടേ നമുക്ക് കണക്കാക്കാൻ കഴിയൂ. ഈ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ എനിക്ക് തോന്നുന്നത് ഒരുപാട് താമസം എടുക്കേണ്ട ആവശ്യമില്ല ഇക്കാര്യത്തിൽ. കാരണം, നമുക്ക് കാര്യങ്ങൾ നടക്കുകയുവേണം കഴിയുന്നിടത്തോളം സർക്കാരിന്റെ സാമ്പത്തിക ഭാരം അധികരിക്കാതെ നോക്കുകയും ചെയ്യേണ്ടത് ആവശ്യമായിട്ടുണ്ട്. അതുകൊണ്ട് തന്നെ ഈ ഓംബുഡ്സ്മാനിലെ അംഗങ്ങളുടെ എണ്ണം കുറയ്ക്കേണ്ടത് ഏറ്റവും ആവശ്യമായ ഒരു സംഗതിയാണ്. ഇത്രയും വലിയ ഒരു സംവിധാനം ഇവർക്കെല്ലാം വീടുകൾ, ഇവർക്കെല്ലാം വാഹനങ്ങൾ, ഇവർക്ക് മറ്റ് സൗകര്യങ്ങൾ, ഇവരുടെ റ്റി.എ, ഡി.എ. ഇവരുടെ സ്റ്റാഫ്, ഈ സംവിധാനങ്ങളെല്ലാം കൂടി വരുമ്പോൾ വലിയ ഭാരിച്ച ഒരു തുക ഇതിനു വേണ്ടി ഇനിയും എല്ലാ വർഷങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

മാറ്റിവയ്ക്കേണ്ടി വരും. അത്രയ്ക്ക് ഒരു ആവശ്യം ഈ കൊച്ചു കേരളത്തെ സംബന്ധിച്ചുണ്ടോ എന്നുള്ളതാണ് ചിന്തിക്കേണ്ട ഒരു കാര്യം. സമയം ഇല്ലാത്തതു കൊണ്ട് മറ്റ് കാര്യങ്ങളിൽ ദീർഘമായിട്ട് കടന്നു പോകുന്നില്ല. ചെയർമാന്റെ സേവന കാലാവധി പറഞ്ഞിരിക്കുന്നത്, അദ്ദേഹത്തിന് 65 വയസ്സ് തികയുന്നതുവരേയോ, ചെയർമാനായി സത്യപ്രതിജ്ഞ ചെയ്ത തീയതി മുതൽ 5 വർഷം തികയുന്നതുവരേയോ ഏതാണ് ആദ്യം അതുവരെ ആയിരിക്കുന്നതും, മറ്റ് അംഗങ്ങളുടെ കാലാവധി അവർ അംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്ത് തീയതി മുതൽ 5 വർഷം തികയുന്നതുവരേയോ അംഗം ആയിരുന്നില്ലെങ്കിൽ സർവ്വീസിൽ നിന്ന് പിരിയാമായിരുന്ന തീയതി വരെയോ ഏതാണ് ആദ്യം അത് വരെ ആയിരിക്കും എന്നാകുന്നു. സർ, ഇതിന് ഈ ഒരു ഭേദഗതി ഞാൻ ഇവിടെ നിർദ്ദേശിച്ചിട്ടുണ്ട്. നിയമിക്കുന്ന ആളുകളുടെ നിയമന യോഗ്യതകളും അവരുടെ കാലപരിധിയെ സംബന്ധിച്ചും ഒക്കെ കുറേ മാറ്റങ്ങൾ ആവശ്യമായിട്ടുണ്ട്. അത് നിയമസഭാതലത്തിൽ ചർച്ച ചെയ്യണമെന്നുള്ളതു കൊണ്ടാണ് ഞാൻ ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നത്.

(ചർച്ച തുടരും)

5. 2000-ലെ കേരള വൃദ്ധജന സംരക്ഷണ ബിൽ

ശ്രീ. എം. മുരളി : സർ, 2000-ലെ കേരള വൃദ്ധജന സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ ഇവിടെ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

സർ, വൃദ്ധജനങ്ങളുടെ പ്രശ്നങ്ങളെ അമിത പ്രാധാന്യത്തോടും അനുകമ്പയോടും കൂടിയാണ് സംസ്ഥാന സർക്കാർ കാണുന്നത്. അശരണരായ വൃദ്ധജനങ്ങളുടെ പരിപാലനം, സംരക്ഷണം, പുനരധിവാസം എന്നീ ലക്ഷ്യത്തോടെ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ല ഒഴികെയുള്ള ജില്ലകളിൽ വൃദ്ധസദനം പ്രവർത്തിച്ചു വരുന്നു. പത്തനംതിട്ട ജില്ലയിലും ഉടൻ തന്നെ വൃദ്ധസദനം തുടങ്ങുന്നതിന് നടപടി എടുത്തിട്ടുണ്ട്. കൂടുതെ സന്നദ്ധ സംഘടനകൾ നടത്തുന്ന 158 വൃദ്ധസദനങ്ങളും സംസ്ഥാനത്ത് ഉണ്ട്. സർക്കാർ സ്ഥാപനങ്ങളുടെ ഓരോ അന്തേവാസിക്കും പ്രതിമാസം 250 രൂപ വീതം സംരക്ഷണ ചെലവ്.....

മി.സ്പീക്കർ : കാര്യകാരണ സഹിതമുള്ള മറുപടി അവസാനം. ഇപ്പോൾ ഒരു വാചകം, സ്വീകരിക്കുന്നുണ്ടോ ഇല്ലയോ ?

ശ്രീമതി സുശീലാ ഗോപാലൻ : സ്വീകരിക്കുന്നില്ല. ഇതിനുള്ള ചില നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. എം. മുരളി : സർ, ബഹു.മന്ത്രി ഈ ബില്ലിനെ എതിർത്തു കൊണ്ട് ചില നടപടികൾ സ്വീകരിക്കുന്നു, സ്വീകരിച്ചുകൊണ്ടിരിക്കുകയാണ് എന്ന്

LIBRARY ARCHIVES Kerala Legislative Assembly